LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് ഉത്ഭവിക്കുന്ന ഇ-വേസ്റ്റ് ശാസ്ത്രീയമായി സംസ്കരിക്കുവാൻ നഗരകാര്യ വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന ക്ലീൻ കേരള കമ്പനി മുഖേന സംവിധാനം ഒരുക്കിയിട്ടുണ്ട്. കേന്ദ്ര സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡുകളുടെ അംഗീകാരമുള്ള ഹൈദരാബാദ് കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്ന എർത്ത് സെൻസ് റീസൈക്കിൾ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയുമായി ക്ലീൻ കേരള കമ്പനി, ഇലക്ട്രോണിക് മാലിന്യങ്ങൾ ശേഖരിച്ച് ശാസ്ത്രീയമായി സംസ്കരിക്കുവാൻ കരാറിലേർപ്പെട്ടുകയും സംസ്ഥാനത്തെ സർക്കാർ സ്ഥാപനങ്ങളിൽനിന്നും പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും ഇലക്ട്രോണിക് മാലിന്യങ്ങൾ ശേഖരിച്ചു തുടങ്ങിയിട്ടുമുണ്ട്.

(ബി) ഇല്ല.

(സി) സംസ്ഥാനത്തെ ഇ-വേസ്റ്റ് രഹിതമാക്കുന്നതിനും വേസ്റ്റ് ശേഖരണം, കൈമാറ്റം എന്നീ കാര്യങ്ങളിൽ പൊതുജന പങ്കാളിത്തവും സഹകരണവും ഉറപ്പാക്കി പുതിയ ഒരു സംസ്കാരം രൂപപ്പെടുത്തുന്നതിനും ആവശ്യമായ നടപടികൾ ശുചിത്വമിഷനും ക്ലീൻ കേരള കമ്പനിയും മുഖേന സർക്കാർ സ്വീകരിച്ചുവരികയാണ്.

ഡീറ്റെയിൽഡ് ടൗൺ പ്ലാനിംഗ് സ്കീമുകൾ

175 (1613) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ നിലവിൽ അംഗീകാരമുള്ള ഡീറ്റെയിൽഡ് ടൗൺ പ്ളാനിംഗ് സ്കീമുകൾ ഏതൊക്കെയാണ് ;

(ബി) പ്രസ്തുത സ്കീമുകളുടെ കാലപ്പഴക്കം സംബന്ധിച്ച വിവരം ലഭ്യമാക്കുമോ ;

(സി) ഡീറ്റെയിൽഡ് ടൗൺ പ്ളാനിംഗ് സ്കീമുകളെ പുനരാവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ, ഇതിനായി ഔട്ട് സോഴ്സിംഗ് നടപടി ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) കേരളത്തിൽ നിലവിലുള്ള ഡീറ്റെയിൽഡ് ടൗൺ പ്ലാനിംഗ് സ്കീമുകളുടെ പട്ടിക ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഓരോ സ്കീമിനും സർക്കാർ അംഗീകാരം ലഭിച്ച വർഷം അനുബന്ധമായി ചേർത്തിട്ടുള്ള പട്ടികയിൽ വ്യക്തമാക്കിയിട്ടുണ്ട്. ആകെ 113 സ്കീമുകളുള്ളതിൽ 3 സ്കീമുകൾ 1970-ന് മുൻപ് അംഗീകാരം ലഭിച്ചവയാണ്. 28 സ്കീമുകൾ 1971-1980 കാലയളവിലും 47 സ്കീമുകൾ 1981-1990 കാലയളവിലും 35 സ്കീമുകൾ 1991-2000 കാലയളവിലും അംഗീകാരം ലഭിച്ചവയാണ്. 2000-നുശേഷം ഇവയിൽ 6 സ്കീമുകൾക്ക് വേരിയേഷൻ നടത്തിയിട്ടുണ്ട്.

(സി) ഡീറ്റെയിൽഡ് ടൗൺ പ്ലാനിംഗ് സ്കീമുകളെ പുനരാവിഷ്കരിക്കുക എന്നത് 'സ്കീം ഓഫ് പ്രിപ്പറേഷൻ ഓഫ് മാസ്റ്റർ പ്ലാൻ ആന്റ് ഡീറ്റെയിൽഡ് ടൗൺ പ്ലാനിംഗ് സ്കീം' എന്ന പദ്ധതിയുടെ ഒരു ഘടകമാണ്. ഈ പദ്ധതിയുടെ 2012-ൽ ആരംഭിച്ച രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി 30 ഡീറ്റെയിൽഡ് ടൗൺ പ്ലാനിംഗ് സ്കീമുകൾ പുനരാവിഷ്കരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. സ്കീം ഏരിയയുടെ ടോട്ടൽ സ്റ്റേഷൻ സർവ്വേ ഇതര ഏജൻസികൾ മുഖേന സാദ്ധ്യമാകുമോ എന്ന് പരിശോധിക്കുന്നതിന് ചില പൈലറ്റ് സ്റ്റഡികൾ നഗര-ഗ്രാമാസൂത്രണ വകുപ്പ് നടത്തുന്നുണ്ട്.

2014-ലെ കേരള ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ഓർഡിനൻസ്

176 (1614) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-ലെ കേരള ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ഓർഡിനൻസിന്റെ ലക്ഷ്യമെന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഓർഡിനൻസ് പ്രകാരം തയ്യാറാക്കാൻ ഉദ്ദേശിക്കുന്ന പ്ലാൻ എന്തൊക്കെയെന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത പ്ലാൻ തയ്യാറാക്കുന്ന സ്ഥാപനങ്ങൾ ഏതൊക്കെയെന്ന് വിശദമാക്കുമോ ;

(ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക-പഞ്ചവത്സര പദ്ധതികൾ തയ്യാറാക്കാൻ ഈ ഓർഡിനൻസിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോ ?

ഉത്തരം

(എ) സംസ്ഥാനത്തെ നഗര-ഗ്രാമ പ്രദേശങ്ങളുടെ ആസൂത്രിത വികസനം പ്രോത്സാഹിപ്പിക്കുകയും അവയുടെ വളർച്ച നിയന്ത്രിക്കുകയും ചെയ്യുകയാണ് 2014-ലെ കേരളാ ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ഓർഡിനൻസിന്റെ (ഓർഡിനൻസ് 16/2014) ലക്ഷ്യം.

LIBRARY ARCHIVES Kerala Legislative Assembly